**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 941** **30-06-2022 - ൽ മറുപടിയ്ക്ക്**

**വനാതിർത്തിയിലെ മനുഷ്യമൃഗ സംഘർഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വനാതിർത്തിയിൽ മനുഷ്യ-മൃഗ സംഘർഷങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും, കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളും പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ച് പഠനം നടത്തി വരുന്നുണ്ട്. ടി പഠനത്തിലെ കണ്ടെത്തലുകൾ കൂടി ഉൾപ്പെടുത്തി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും 2021 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ വിശദമായ ഒരു പ്രോജക്റ്റ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രോജക്റ്റ് പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുവാനുള്ള താഴെ പറയുന്ന കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br><br>1. കാടിനു ചുറ്റും കൃഷി ചെയ്യുന്ന കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിച്ചിരിക്കുന്നു. കൃഷി സമ്പ്രദായം മാറിയതും കർഷകർ കരിമ്പ്, വാഴ പോലുള്ള വാണിജ്യ വിളകൾ വർദ്ധിച്ച തോതിൽ കൃഷി ചെയ്യാനാരംഭിച്ചിരിക്കുന്നു.<br><br>2. വന്യജീവികളുടെ എണ്ണത്തിലും വർദ്ധന ഉണ്ടായിട്ടുണ്ട്.<br><br>3. മനുഷ്യരും, വളർത്തു മൃഗങ്ങളും അസമയങ്ങളിൽ വന്യജീവി മേഖലകളിൽ സഞ്ചരിക്കുന്നതും തങ്ങുന്നതും ചിലപ്പോൾ അപകടങ്ങൾക്ക് ഇടയാക്കുന്നു. |

| | | | |
|---|---|---|---|
| | | | 4. ആവാസ മേഖലകൾ ചെറു കഷണങ്ങളായി മുറിഞ്ഞു പോകുന്നത് മൂലം വന്യജീവികളുടെ സ്വൈര വിഹാരം തടസ്സപ്പെടുന്നു.<br><br>5. അധിനിവേശ വിദേശ സസ്യങ്ങളും ജീവികളും വന്യജീവികൾക്ക് ഭക്ഷ്യ ലഭ്യത കുറയ്ക്കുന്നു.<br><br>6. യൂക്കാലിപ്റ്റ്സ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശ ഇനം സസ്യങ്ങൾ പുൽമേടുകളിലും മറ്റും തോട്ടമായി നട്ടുവളർത്തിയത് ആവാസ വ്യവസ്ഥകളുടെ ഗുണ നിലവാരം നശിപ്പിച്ചു.<br><br>**7. ആധുനിക വാർത്താ വിനിമയ വിവര സങ്കേതിക സൗകര്യങ്ങൾ വൻ തോതിൽ ഉപയോഗപ്പെടുത്തുന്നത് മൂലം മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.** |
| (സി) | ഇത്തരം സംഘർഷങ്ങൾ തടയുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; | (സി) | ഇത്തരം സംഘർഷങ്ങൾ തടയുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>വനാതിർത്തികളിൽ സൗരോർജ്ജ വേലി, കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്.<br><br>നിലവിൽ 2400 ഓളം കി.മീറ്റർ സൗരോർജ്ജ വേലികളും 500 ൽപരം കി.മീറ്റർ കിടങ്ങുകളും ഉണ്ട്. യഥാസമയം പരിപാലിക്കുകയാണെങ്കിൽ ഇവ ഫലപ്രദമാണ്.<br><br>അടുത്തിടെയായി പഞ്ചായത്തുകളുടെ ഫണ്ടുകളും എം.എൽ.എ ഫണ്ടും വന്യമൃഗനാശങ്ങൾ പ്രതിരോധിക്കുന്നതിനായി അനുവദിക്കുന്നുണ്ട്.<br><br>വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ചില ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.<br><br>നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു.<br><br>പ്രശ്നക്കാരായ കാട്ടാനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് |

കൊട്ടക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്.

സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്.

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

വനങ്ങളിൽ 30,000 ഹെക്ടറോളം യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നീ വിദേശയിനം തോട്ടങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്കായി നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2018 മുതൽ ഈ വിദേശീയ ഇനങ്ങളുടെ നടീൽ നിർത്തലാക്കി. ടി തോട്ടങ്ങളെ ഘട്ടം ഘട്ടമായി സ്വാഭാവിക വനങ്ങളാക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾക്ക് കാട്ടിൽത്തന്നെ കൂടുതൽ ഭക്ഷണലഭ്യത ഉറപ്പാക്കുവാൻ ടി പരിസ്ഥിതി പുന:സ്ഥാപനത്തിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

| | | | |
|---|---|---|---|
| | | | മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൻറെ 06.02.2021-ലെ F No.8-60/20 WL (Part I) അഡ്വൈസറിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന - ജില്ലാ തലങ്ങളിൽ ഇന്റർ ഡിപ്പാർട്ടുമെന്റൽ കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് 09.12.2021-ലെ G.O.(Rt.) No.402/2021/F&WLD പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.<br><br>മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 261 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ അനുയോജ്യമായ മാർഗ്ഗങ്ങളിലൂടെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഓണററി വൈൽഡ് ലൈഫ് വാർഡന്/ അധികാരപ്പെട്ട ഉദ്യോഗസ്ഥന് അനുമതി നൽകിക്കൊണ്ട് സ.ഉ.(കൈ)നം 29/2022/വനം തീയതി 28.05.2022 ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (ഡി) | വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയായവർക്ക് നൽകി വരുന്ന ധന സഹായം വർദ്ധിപ്പിച്ച് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കുമോ? | (ഡി) | വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് 08.01.2015-ലെ സ.ഉ. (കൈ) നം. 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം ഓരോ കാർഷിക വിളകൾക്കും നഷ്ടപരിഹാരം അനുവദിച്ച് വരുന്നുണ്ട്. 05.04.2018-ലെ സ.ഉ.(കൈ) നം. 17/2018/വനം ഉത്തരവ് പ്രകാരം കൃഷിനാശത്തിന് കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% (പരമാവധി ഒരു ലക്ഷം രൂപ) യാണ് ഓരോ നാശനഷ്ടത്തിനും അനുവദിക്കുന്നത്. ഒരു വ്യക്തിക്ക് വർഷത്തിൽ നാല് തവണവരെയാണ് നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുള്ളത്. കൃഷിവകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിലും ഇൻഷ്വർ ചെയ്യുന്ന കർഷകന് വന്യമൃഗങ്ങൾ മൂലമുള്ള കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാൻ അർഹതയുണ്ട്. 08.01.2015-ലെ സ.ഉ.(കൈ) നം.2/2015/വനം എന്ന ഉത്തരവിലെ നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ച ശിപാർശ പരിശോധിച്ച് വരികയാണ്.<br>നിലവിൽ വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന ജീവഹാനി, പരിക്ക് എന്നിവയ്ക്ക് നഷ്ടപരിഹാരം |

| | | | |
|---|---|---|---|
| | | | അനുവദിച്ച് വരുന്നത് 05.04.2018 സ.ഉ.(കൈ) നം. 17/2018/വനം ഉത്തരവ് പ്രകാരമാണ്. |

സെക്ഷൻ ഓഫീസർ